ഉത്തരം

(എ) & (ബി) ഉണ്ട്. നരിക്കുനി, പുതിയതായി തുറക്കാനുദ്ദേശിക്കുന്ന ഫയർ സ്റ്റേഷനുകളുടെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നരിക്കുനി ഫയർ സ്റ്റേഷനുവേണ്ടി തസ്തികകൾ സൃഷ്ടിക്കുന്നതിനും വാഹനങ്ങളും മറ്റു പകരണങ്ങളും വാങ്ങുന്നതിനും ഭരണാനുമതി നൽകുന്നതുസംബന്ധിച്ച ശുപാർശ പരിശോധിച്ചുവരികയാണ്. പ്രസ്തുത ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ ഫണ്ടും ലഭ്യമായാൽ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയിട്ടുള്ള താൽക്കാലിക സൗകര്യങ്ങൾ ഉപയോഗിച്ച് ഫയർ സ്റ്റേറേഷൻ പ്രവർത്തനം ആരംഭിക്കാവുന്നതാണ്.

ഫയർ സർവ്വീസ് വകുപ്പിൽ ലീഡിംഗ് ഫയർമാൻ കോഴ്സ്

5 [1631] *ശ്രീ. എം. എ. വാഹിദ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർ സർവ്വീസ് വകുപ്പിൽ ലീഡിംഗ് ഫയർമാൻ കോഴ്സ് നടത്തണമെന്ന ആവശ്യം ആരെങ്കിലും സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഇപ്പോൾ ഈ കോഴ്സ് നടത്തുന്നതിന് ഫയർമാൻ ട്രെയിനീസിന്റെ ട്രെയിനിംഗ് സ്റ്റേഷനുകളിൽ എവിടെയെങ്കിലും ഒഴിവുണ്ടോ;

(സി) പ്രസ്തുത കോഴ്സ് നടത്താത്തതുമൂലം ജീവനക്കാർക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേരള ഫയർ സർവ്വീസ് അസോസിയേഷൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഇത്തരത്തിൽ ജീവനക്കാർക്ക് സാമ്പത്തിക നഷ്ടം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മണ്ണാർക്കാട് ഫയർ സ്റ്റേഷൻ

6 [1632] *ശ്രീ. കളത്തിൽ അബ്ദുള്ള*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly